I ഇ.ബി. XIV - കേരള നിയമസഭ/XV-7

## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2019 ജൂൺ 13, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

പദ്ധതി പ്രവർത്തനങ്ങളുടെ സ്തംഭനാവസ്ഥ

മി. സ്പീക്കർ: ത്രിതല പഞ്ചായത്തുകളും നഗരസഭകളും 2018-19 വർഷം ചെലവുചെയ്ത പദ്ധതിത്തുകയുടെ മാർച്ച് 31-ന് മുമ്പ് സമർപ്പിച്ച ബില്ലുകൾക്ക് പണം നൽകാതെ ക്യൂവിൽ രേഖപ്പെടുത്തുകയും 2019-20 സാമ്പത്തിക വർഷത്തെ പദ്ധതിവിഹിതത്തിൽ ഉൾപ്പെടുത്തി പ്രസ്തുത ബില്ലുകളുടെയും സ്പിൽ ഓവർ വർക്കുകളുടെ ബില്ലുകളുടെയും പേമെന്റ് നടത്താൻ തീരുമാനിച്ചത് ഈ

വർഷത്തെ പദ്ധതി രൂപരേഖ പുനഃക്രമീകരിക്കേണ്ടിവരുമെന്നും 2019-20-ലെ പദ്ധതി പ്രവർത്തനങ്ങൾ സ്തംഭിക്കാൻ ഇടയാകുമെന്നും പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. സി. ജോസഫ്, പി. ഉബൈദുള്ള, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള പ്ലാൻ അലോട്ട്മെന്റ് വർദ്ധിപ്പിക്കുകയും 2018-19-ൽ അലോട്ട്മെന്റിന്റെ 85 ശതമാനം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇ-ലാംസ് പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം ക്യൂവിൽ രേഖപ്പെടുത്തിയ 834 കോടി രൂപയുടെ ബില്ലുകളിൽ 808 കോടി രൂപ നൽകിയിട്ടുണ്ട്. സ്പിൽ ഓവർ പദ്ധതികൾക്കായി 20 ശതമാനം തുക കൂടുതലായി മാറ്റിവച്ചിട്ടുണ്ട്.

ശ്രീ. കെ. സി. ജോസഫ്: മാർച്ച് 31 വരെ സാമ്പത്തിക വർഷത്തെ ബില്ലുകൾ മാറുന്ന സമ്പ്രദായം പരിഷ്കരിച്ച് ബില്ലുകൾ ക്യൂവിൽ രേഖപ്പെടുത്തുകയും 2019-20 വർഷത്തെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി പേമെന്റ് നടത്താൻ തീരുമാനിക്കുകയും ചെയ്യുമ്പോൾ ഈ വർഷത്തെ പദ്ധതി രൂപരേഖ പുനഃക്രമീകരിക്കേണ്ടിവരുമെന്നതുകൊണ്ട് പദ്ധതി പ്രവർത്തനങ്ങൾ

സ്തംഭിക്കുകയാണ്. ക്യൂവിൽ നിൽക്കുന്ന ബില്ലുകൾ കഴിഞ്ഞ സാമ്പത്തിക വർഷത്തെ കണക്കിൽപ്പെടുത്തി തുക അനുവദിക്കാത്തതും സ്പിൽ ഓവർ വർക്കുകൾ ക്യാരി ഓവർ ചെയ്യാൻ അധികൃതർ അനുവദിക്കാത്തതുമായ ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 1997-ൽ ജനകീയാസൂത്രണത്തിന്റെ ഭാഗമായാണ് പദ്ധതി നടത്തിപ്പിനായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്ലാൻ പി.ഡി. അക്കൗണ്ടിൽ പണം അഡ്വാൻസായി നിക്ഷേപിക്കുന്ന സമ്പ്രദായം നിലവിൽ വന്നത്. അതത് വർഷംതന്നെ പൂർത്തിയാകാത്ത പദ്ധതികളുടെ കാര്യത്തിൽ ക്യാരി ഓവർ അനുവദിക്കുകയും ചെയ്തിരുന്നു. പ്ലാൻ പി.ഡി. അക്കൗണ്ടും ക്യാരി ഓവറും അവസാനിപ്പിച്ച് ബില്ലുകൾക്ക് കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും പണം നൽകുന്ന സമ്പ്രദായം കൊണ്ടുവന്നത് യു.ഡി.എഫ്. സർക്കാരാണ്. ക്യൂവിലുള്ള ബില്ലുകൾക്ക് പണം നൽകുന്ന വർഷത്തെ ബഡ്ജറ്റ് ഹെഡ്ഡിൽ മാത്രമേ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. സമർപ്പിക്കപ്പെട്ട ബില്ലുകളുടെ 85% തുകയും നൽകിയിട്ടുണ്ട്; ഈ വർഷത്തെ പദ്ധതിച്ചെലവുകൾക്ക് പുറമെ 20% ക്യാരി ഓവർ അനുവദിച്ചിട്ടുമുണ്ട്. 20 ശതമാനത്തിൽ കൂടുതൽ സ്പിൽ ഓവർ വരുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാര്യം പ്രത്യേകം പരിഗണിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച്

ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, പി. ജെ. ജോസഫ്, അനൂപ് ജേക്കബ്, ഒ. രാജഗോപാൽ, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**II ശ്രദ്ധ ക്ഷണിക്കൽ**

(1) പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവത്കരണം

ശ്രീ. സി. ദിവാകരൻ: തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം ഉൾപ്പെടെയുള്ള സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യമേഖലയ്ക്ക് കൈമാറാനുള്ള കേന്ദ്രസർക്കാർ നീക്കം തടയണം. വിമാനത്താവള നടത്തിപ്പ് സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാക്കാൻ നടപടിയുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പും ഭാവി വികസന പ്രവർത്തനങ്ങളും സംസ്ഥാനത്തെ ഏൽപ്പിക്കണമെന്ന ആവശ്യം നിരസിച്ച കേന്ദ്ര സർക്കാർ

വിമാനത്താവള കൈമാറ്റം സംബന്ധിച്ച ടെൻഡർ നടപടിയുമായി മുന്നോട്ടുപോയതിനെത്തുടർന്ന് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം ലിമിറ്റഡ് (TIAL) എസ്.പി.വി. ആയി ലേലത്തിൽ പങ്കെടുത്തു. 10 ശതമാനം നിരക്കുവ്യത്യാസമെന്ന ഉപാധിയോടെയുള്ള റൈറ്റ് ഓഫ് ഫസ്റ്റ് റെഫ്യൂസലിൽ 'ടിയാൽ'-ന് ലഭിക്കാതിരുന്ന ബിഡ് അദാനി എന്റർപ്രൈസസിന് ലഭിച്ചതിനെതിരെ ഫയൽ ചെയ്യപ്പെട്ട റിട്ട് ഹർജിയിന്മേൽ അവാർഡ് കോടതി വിധിക്ക് വിധേയമായിട്ടാകണമെന്ന ഇടക്കാല ഉത്തരവുണ്ടായിട്ടുണ്ട്. വിമാനത്താവള വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്ന നടപടി പുരോഗമിക്കുകയാണ്. വിമാനത്താവളം സ്വകാര്യ ഏജൻസിക്ക് കൈമാറാനാവില്ലെന്നതാണ് സംസ്ഥാന സർക്കാർ നിലപാട്. വിമാനത്താവളത്തിന്റെ നടത്തിപ്പ് ചുമതല സംസ്ഥാനത്തിന് നൽകണമെന്നാവശ്യപ്പെട്ട് പ്രധാനമന്ത്രിക്കും വ്യോമയാന മന്ത്രിക്കും കത്ത് നൽകിയിട്ടുണ്ട്; പ്രധാനമന്ത്രിയെ നേരിൽക്കണ്ട് ഈ വിഷയം വീണ്ടും ഉന്നയിക്കുന്നതാണ്.

## (2) ആസിഡ് ആക്രമണം

<u>ശ്രീ. അനൂപ് ജേക്കബ്</u>: സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ആസിഡ് ആക്രമണങ്ങൾക്കിരയാകുന്നത് സ്ത്രീകളും കുട്ടികളുമാണ്. ജാമ്യമില്ലാ വകുപ്പുപ്രകാരം കേസെടുത്താലും പ്രതികൾ ശിക്ഷിക്കപ്പെടാത്ത സാഹചര്യമൊഴിവാക്കി ശിക്ഷ

ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കണം. റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട് 2016 ഭേദഗതി ചെയ്ത് ആസിഡ് ആക്രമണത്തിനിരയാകുന്നവർക്ക് തൊഴിൽ-വിദ്യാഭ്യാസ മേഖലകളിൽ 3 ശതമാനം സംവരണം ഏർപ്പെടുത്തിയെങ്കിലും കാഴ്ച നഷ്ടപ്പെട്ടവർ മാത്രമാണ് ഈ പട്ടികയിൽ ഉൾപ്പെട്ടത്. ആശുപത്രികളിൽ സ്റ്റെറൈൽ വാർഡ് ക്രമീകരിക്കുകയും പ്ലാസ്റ്റിക് സർജറിക്കും മറ്റും സാമ്പത്തിക സഹായം നൽകുകയും പ്രത്യേക പെൻഷൻ സ്കീം നടപ്പാക്കുകയും ആസിഡ് വില്പന നിയന്ത്രിക്കുകയും ചെയ്യണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ചുവരുന്ന ആസിഡ് ആക്രമണങ്ങൾ ഗൗരവത്തോടുകൂടിയാണ് കാണുന്നത്. ആസിഡ് ആക്രമണത്തിന് വിധേയരാകുന്നവരുടെ മാനസിക-സാമ്പത്തിക-സാമൂഹ്യ അവസ്ഥ കണക്കിലെടുത്ത് അവർക്ക് നൽകുന്ന നഷ്ടപരിഹാരത്തിന് പുറമെ ദീർഘകാല ചികിത്സയ്ക്കായി 'ആശ്വാസ നിധി' പദ്ധതി ആരംഭിച്ചിട്ടുണ്ട്. ആസിഡ് ആക്രമണങ്ങളെ അതിജീവിച്ച 40 ശതമാനമോ അതിൽക്കൂടുതലോ അംഗവൈകല്യമുള്ളവർക്ക് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി വികലാംഗ പെൻഷൻ അനുവദിക്കുന്നുണ്ട്. പ്രധാനപ്പെട്ട ആശുപത്രികളിലെല്ലാം സ്റ്റെറൈൽ വാർഡുകൾ ക്രമീകരിക്കുന്നുണ്ട്. ആസിഡ് വില്പന നിയന്ത്രണവിധേയമായാണ്

നടത്തുന്നത്.

## III സബ്മിഷൻ

### (1) കടലാക്രമണം

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): താൽക്കാലിക കടൽഭിത്തി, പുലിമുട്ട് എന്നിവ സ്ഥാപിച്ച് തീരപ്രദേശങ്ങളിലെ കടലാക്രമണം തടയുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. ഒ. രാജഗോപാൽ: നേമം നിയോജകമണ്ഡലത്തിലെ പനത്തുറയിൽ പുലിമുട്ട് നിർമ്മിച്ച് കടലാക്രമണം തടയാൻ സത്വര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ, ആറാട്ടുപുഴ പ്രദേശങ്ങളിൽ ജിയോബാഗുകൾ മുഖേനയുള്ള തീരസംരക്ഷണത്തിന് ബഡ്ജറ്റ് വിഹിതത്തിനുപുറമേ 22.50 കോടി രൂപയുടെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ക്യാബിനറ്റിൽ തീരുമാനമെടുത്തിട്ടുണ്ട്. വട്ടച്ചാൽ ഭാഗത്ത് പുലിമുട്ട് നിർമ്മാണത്തിന് 30.67 കോടി രൂപയും ആറാട്ടുപുഴയിൽ 28.51 കോടി രൂപയും കിഫ്ബിയിലും ബഡ്ജറ്റിലുമായി വകയിരുത്തിയിട്ടുണ്ട്; ഈ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുമുമ്പ് സ്ഥലത്തിന്റെ ഫ്രീ സറണ്ടർ, പുനരധിവാസം, അനധികൃത കയ്യേറ്റം ഒഴിപ്പിക്കൽ, പാരിസ്ഥിതികാനുമതി തുടങ്ങിയ നടപടിക്രമങ്ങൾ പൂർത്തിയാക്കണമെന്ന് ഭരണാനുമതിയിൽ കിഫ്ബി

നിഷ്കർഷിച്ചിട്ടുള്ളതിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(2) കോസ്റ്റൽ പോലീസ് സ്റ്റേഷൻ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: കോസ്റ്റൽ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനത്തിൽ കാലോചിതമായ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മറ്റ് പോലീസ് സ്റ്റേഷനുകൾക്ക് നൽകുന്ന അധികാരം കോസ്റ്റൽ പോലീസ് സ്റ്റേഷന് നൽകുന്ന കാര്യത്തിൽ ഇപ്പോൾ തീരുമാനം കൈക്കൊണ്ടിട്ടില്ല. കോസ്റ്റൽ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം മികച്ച രീതിയിലാണ് നടന്നുവരുന്നത്. കടൽ ജാഗ്രതാ സമിതികൾക്കും കോസ്റ്റൽ ഇന്റലിജൻസ് വിംഗിനും രൂപം നൽകുകയും നിയുക്ത ഉദ്യോഗസ്ഥർ ശേഖരിക്കുന്ന വിവരങ്ങൾ കോസ്റ്റ് ഗാർഡിനും ഇന്ത്യൻ നേവിയുടെ ജോയിന്റ് ഓപ്പറേഷൻസ് സെന്ററിനും കൈമാറുന്നുണ്ട്. കോസ്റ്റ് ഗാർഡായി തെരഞ്ഞെടുത്ത 177 പേരെ പരിശീലനം പൂർത്തിയാകുന്നമുറയ്ക്ക് കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിൽ നിയമിക്കുന്നതാണ്. അപേക്ഷ സമർപ്പിക്കുന്നമുറയ്ക്ക് ക്വാർട്ടേഴ്സുകൾ മുൻഗണനാ ക്രമത്തിൽ നൽകുന്നതാണ്.

(3) വാഹനാപകട മരണത്തിലെ ദുരൂഹത

ശ്രീ. പി. ടി. തോമസ്: വയലിനിസ്റ്റ് ബാലഭാസ്കറിന്റെ അപകടമരണം സംബന്ധിച്ച് പുതിയ വെളിപ്പെടുത്തലുകളുണ്ടായ സാഹചര്യത്തിൽ ദുരൂഹത

ഒഴിവാക്കി സമഗ്ര അന്വേഷണം നടത്താൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 25-09-2018-ന് തിരുവനന്തപുരം പള്ളിപ്പുറത്തുവച്ചുണ്ടായ വാഹനാപകടത്തിലാണ് ബാലഭാസ്കറിനും കുടുംബത്തിനും പരിക്കേൽക്കുന്നത്. മകൾ സംഭവസ്ഥലത്തും ബാലഭാസ്കർ 02-10-2018-നും മരണമടഞ്ഞതിനെത്തുടർന്ന് മംഗലപുരം പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അപകടസമയത്ത് വാഹനമോടിച്ചതാരാണെന്നത് സംബന്ധിച്ച വ്യത്യസ്ത മൊഴികൾ ലഭിച്ച സാഹചര്യത്തിൽ ആയത് ക്രൈം ബ്രാഞ്ച് വിശദമായി പരിശോധിച്ച് ആവശ്യമായ ശാസ്ത്രീയ പരിശോധനകൾ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അപകടമരണത്തിലെ ദുരൂഹതകളകറ്റാൻ ഫലപ്രദമായ അന്വേഷണം നടത്തുന്നതും വസ്തുതകൾ പുറത്തുകൊണ്ടുവരുന്നതുമാണ്.

## (4) ക്ഷേത്രകലാപീഠം

ശ്രീമതി സി. കെ. ആശ: വൈക്കം മഹാദേവക്ഷേത്രത്തിൽ പ്രവർത്തിച്ചുവരുന്ന ക്ഷേത്രകലാപീഠത്തിലെ കോഴ്സുകൾ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): വൈക്കം ക്ഷേത്രകലാപീഠത്തിലെ തകിൽ, നാദസ്വരം കോഴ്സുകൾ മാറ്റുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് തീരുമാനമെടുത്തിട്ടില്ല. കോയിക്കൽ കൊട്ടാരത്തിൽ ക്ഷേത്രകലാപീഠത്തിന്റെ

പ്രവർത്തനം പുനരാരംഭിക്കുന്നതിനും വൈക്കം ക്ഷേത്രകലാപീഠത്തിലെ കോഴ്സുകൾ തടസ്സം കൂടാതെ തുടരുന്നതിനും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും ആവശ്യത്തിന് അദ്ധ്യാപകരെ നിയമിക്കുന്നതിനുമാണ് തീരുമാനമെടുത്തിട്ടുള്ളത്. വൈക്കം ക്ഷേത്രകലാപീഠത്തിന് ദോഷകരമായി ഭവിക്കുന്ന യാതൊരു നടപടിയും സ്വീകരിക്കരുതെന്ന് ദേവസ്വം ബോർഡിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(5) മിനിമം വേതനം

ശ്രീ. സി. കൃഷ്ണൻ: ഖാദി തൊഴിലാളികൾക്ക് പുതുക്കിയ മിനിമം കൂലി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1700 പേർക്ക് തൊഴിലും വിവിധ ജില്ലകളിൽ പുതിയ ഖാദി ഉൽപ്പാദന യൂണിറ്റുകളും റെഡിമെയ്ഡ് പാവ് നിർമ്മാണ യൂണിറ്റുകളും തൊഴിലാളികൾക്ക് ചർക്ക, തറി എന്നിവയും ലഭ്യമാക്കിയിട്ടുണ്ട്. തൊഴിലാളികളുടെ ഉത്സവബത്ത 1,500 രൂപയായും മിനിമം വേതനം - പീസ് റേറ്റ് നിരക്ക് 400.60 രൂപയായും ദിവസവേതന നിരക്ക് 425 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ക്ഷേമനിധിയിൽ അംഗങ്ങളായ മുഴുവൻ ഖാദി തൊഴിലാളികൾക്കും പുതുക്കിയ നിരക്കിലുള്ള വേതനം ലഭ്യമാക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കുന്നതാണ്.

(6) ബസ് സർവ്വീസ്

ശ്രീ. പാറക്കൽ അബ്ദുല്ല: ബാംഗ്ലൂരിലേയ്ക്ക് കെ.എസ്.ആർ.ടി.സി.-യുടെ പുതിയ ബസ് സർവ്വീസുകൾ ആരംഭിക്കുന്നതിനും നിരക്കുകൾ ഏകീകരിക്കുന്നതിനും പുതിയ ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനും നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): കെ.എസ്.ആർ.ടി.സി. ദിനംപ്രതി 48 സർവ്വീസുകൾ ബാംഗ്ലൂരിലേയ്ക്ക് നടത്തുന്നതിൽ 39-ഉം വടക്കൻ കേരളത്തിൽനിന്നാണ്. അധിക സർവ്വീസ് ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ അഡീഷണൽ സർവ്വീസ് ആരംഭിക്കുന്നതിനുള്ള അനുവാദം ഉഭയകക്ഷി സമ്മതപ്രകാരം ലഭിച്ചിട്ടുണ്ട്. യാത്രാക്ലേശം പരിഹരിക്കാൻ ആവശ്യാനുസരണം സർവ്വീസ് നടത്തുന്ന സംവിധാനത്തിലേയ്ക്ക് കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(7) സീപോർട്ട്-എയർപോർട്ട് റോഡ്

ശ്രീ. അൻവർ സാദത്ത്: സീപോർട്ട്-എയർപോർട്ട് റോഡ് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സീപോർട്ട്-എയർപോർട്ട് റോഡിന്റെ രണ്ടാംഘട്ട നിർമ്മാണത്തിന് കിഫ്ബിവഴി

437.28 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനായി 76 ഏക്കർ സ്ഥലമേറ്റെടുക്കുന്നതിന് അർത്ഥനാപത്രം കളക്ടർക്ക് സമർപ്പിക്കുകയും സ്ഥലമെടുപ്പ് ഓഫീസറെ നിയമിക്കുകയും ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥലമേറ്റെടുക്കുന്നതിനുള്ള അതിർത്തിക്കല്ലുകൾ സ്ഥാപിച്ച് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കോൺട്രാക്ട് അവാർഡ് ചെയ്തിട്ടുണ്ട്. റോഡ് എത്രയുംവേഗം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(8) മേൽപ്പാലങ്ങളുടെയും റോഡുകളുടെയും നിർമ്മാണം

ശ്രീ. വി. ടി. ബൽറാം: തൃത്താല നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം-തൃത്താല-പട്ടാമ്പി റോഡ്, പടിഞ്ഞാറങ്ങാടി-മണ്ണിയംപെരുമ്പലം റോഡ്, മലവട്ടത്താണി റോഡ് എന്നിവയുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിക്കുന്നതിനും കരിയന്നൂർ, സുശീലപ്പടി റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കുറ്റിപ്പുറം-തൃത്താല-പട്ടാമ്പി റോഡിന് 30 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഡി.പി.ആർ. ഉടൻതന്നെ കിഫ്ബിക്ക് സമർപ്പിക്കുന്നതാണ്. ചാലിശ്ശേരി-മലവട്ടത്താണി റോഡിന് 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പടിഞ്ഞാറങ്ങാടി-മണ്ണിയംപെരുമ്പലം റോഡിന്റെ

ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിൽ വിശദാംശങ്ങൾ ഉൾപ്പെടുത്തി സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കരിയന്നൂരിനെക്കാൾ സുശീലപ്പടിയിലാണ് മേൽപ്പാലം ഉചിതമെന്ന് കണ്ടെത്തിയതിനാൽ കരിയന്നൂർ-സുശീലപ്പടി ഓവർ ബ്രിഡ്ജ് എന്നാക്കി കിഫ്ബിക്ക് സമർപ്പിച്ചുവെങ്കിലും തിരിച്ചയയ്ക്കുകയാണുണ്ടായത്. 10 കോടി രൂപയിൽ താഴെയുള്ള പദ്ധതികളൊന്നും കിഫ്ബി ഏറ്റെടുക്കാത്തതിനാൽ ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിച്ച് തീരുമാനിക്കുന്നതാണ്.

(9) <u>ഫ്ലാറ്റുടമകൾക്ക് സംരക്ഷണം</u>

<u>ശ്രീ. എം. സ്വരാജ്</u>: കോസ്റ്റൽ സോൺ റെഗുലേഷൻ പ്രകാരമുള്ള നിബന്ധനകൾ പാലിക്കാത്തതിന്റെ പേരിൽ മരട് നഗരസഭയിൽപ്പെട്ട അഞ്ച് ഫ്ലാറ്റുകൾ പൊളിച്ചുനീക്കുന്നതിന് സുപ്രീംകോടതി ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്ന സാഹചര്യത്തിൽ ഫ്ളാറ്റുടമകളെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): ഫ്ളാറ്റുടമകളെ സംരക്ഷിക്കുന്നതിന് നിയമപരമായി എന്തുചെയ്യാൻ സാധിക്കുമെന്നതിനെക്കുറിച്ച് സർക്കാർ ഗൗരവമായി ആലോചിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (<u>ശ്രീ. എ. സി. മൊയ്തീൻ</u>): മരട് നഗരസഭയിലെ അഞ്ച് ഫ്ളാറ്റുകൾ പൊളിച്ചുനീക്കണമെന്ന സുപ്രീംകോടതി വിധി

വന്നപ്പോൾ ബന്ധപ്പെട്ട എം.എൽ.എ.-യുടെ നേതൃത്വത്തിൽ ഫ്ളാറ്റുകളുടെ പ്രതിനിധികളും മുനിസിപ്പൽ അധികൃതരുമായി ചർച്ച നടത്തിയിരുന്നു. സുപ്രീംകോടതി വിധി നടപ്പാക്കാനാവില്ലെന്ന നിലപാട് സ്വീകരിക്കാൻ സർക്കാരിനാവില്ല. എന്നാൽ നിയമാനുസൃതമായി ഫ്ളാറ്റുകൾ വാങ്ങിയിട്ടുള്ള 349 കുടുംബങ്ങളെ സംരക്ഷിക്കേണ്ടതായിട്ടുണ്ട്. ഫ്ളാറ്റുകൾ പൊളിച്ചുനീക്കുന്നതിന് വരുന്ന ചെലവും പാരിസ്ഥിതിക പ്രത്യാഘാതങ്ങളും പരിശോധിക്കാൻ നിയോഗിച്ച ചെന്നൈ ഐ.ഐ.ടി.-യുടെ റിപ്പോർട്ട് ലഭിച്ചശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(10) <u>വന്യമൃഗങ്ങളുടെ ആക്രമണം</u>

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: കിഴക്കഞ്ചേരി പഞ്ചായത്തിലെ രൂക്ഷമായ വന്യമൃഗ ആക്രമണം തടയുന്നതിനായി വനാതിർത്തിയിൽ സോളാർ ഫെൻസിംഗും ആന പ്രതിരോധ കിടങ്ങുകളും സ്ഥാപിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിനും കർഷകർക്കുണ്ടായ നഷ്ടം നികത്തുന്നതിനും നടപടി സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജു</u>): കിഴക്കഞ്ചേരി പഞ്ചായത്തിൽ അനുഭവപ്പെടുന്ന മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട് ചേർന്ന ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പോത്തുചാടി

ഔട്ട്പോസ്റ്റ് മുതൽ കൊളകര സ്റ്റേഷൻ വരെയുള്ള ആറ് കിലോമീറ്റർ ദൂരത്തിൽ ഒരു കിലോമീറ്റർ സൗരോർജ്ജവേലി പൂർത്തീകരിക്കുകയും ബാക്കി ഭാഗത്തിന്റെ പണി നടന്നുവരികയുമാണ്. വന്യജീവികൾ നാട്ടിലിറങ്ങി വളർത്തുമൃഗങ്ങളെ പിടികൂടിയതുമായി ബന്ധപ്പെട്ട് നെന്മാറ ഡിവിഷനിൽ ലഭിച്ചിട്ടുള്ള മൂന്ന് അപേക്ഷകളിന്മേൽ നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്. കൃഷിനാശം സംബന്ധിച്ച അപേക്ഷകളിൽ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് നഷ്ടപരിഹാരം അനുവദിച്ചുവരുന്നു. വന്യജീവി ആക്രമണം രൂക്ഷമായ സ്ഥലങ്ങളിൽ രാത്രികാല പട്രോളിംഗ് നടത്തുന്നുണ്ട്. കാട്ടാന ജനവാസമേഖലയിലേയ്ക്ക് പ്രവേശിക്കാതിരിക്കാൻ ആന്റിഡിപ്രഡേഷൻ വാച്ചർമാരെ നിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കിഴക്കഞ്ചേരി ഭാഗങ്ങളിൽ വനാതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിന് സത്വര നടപടി സ്വീകരിച്ചുവരുന്നു.

(11) സസ്യ ഉദ്യാന സംരക്ഷണം

ശ്രീ. വി. കെ. സി. മമ്മത് കോയ: കോഴിക്കോട് ജില്ലയിൽ വനം വകുപ്പിന്റെ അധീനതയിലുള്ള പത്തേക്കർ സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള ഇട്ടി അച്ചുതൻ സ്മാരക ഹോർത്തുസ് മലബാറിക്കസ് സസ്യസർവ്വസ്വം എന്ന സസ്യ ഉദ്യാനം സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): ഇട്ടി

അച്യുതൻ സ്മാരക ഹോർത്തുസ് മലബാറിക്കസ് പദ്ധതി 2011-ൽ പൂർത്തീകരിക്കുകയും ഔഷധസസ്യങ്ങൾ നട്ടുപിടിപ്പിക്കുകയും ചെയ്തുവെങ്കിലും പരിചരണക്കുറവുമൂലം നിരവധി സസ്യങ്ങൾ നശിച്ചുപോയതിനാൽ ഉദ്യാനം പുനരുദ്ധരിക്കുന്നതിന് ഫണ്ടനുവദിച്ച് തുടർനടപടികൾ സ്വീകരിക്കുകയും ഔഷധസസ്യങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് കരാറുകാരനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പദ്ധതിപ്രദേശം സന്ദർശിക്കുന്ന ഗവേഷണ വിദ്യാർത്ഥികളടക്കമുള്ളവർക്ക് കാടിനെക്കുറിച്ചും ഔഷധച്ചെടികളെക്കുറിച്ചുമുള്ള ക്ലാസ്സുകൾ നൽകുന്നുണ്ട്. കേടുപാടുകൾ സംഭവിച്ച അക്വേറിയം, സ്നേക്ക് ഷെൽട്ടർ എന്നിവ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പുനരുദ്ധരിക്കുന്നതും പദ്ധതിപ്രദേശം നേരിട്ട് സന്ദർശിച്ച് തുടർപ്രവർത്തനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ നൽകുന്നതുമാണ്.

## IV മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## V റിപ്പോർട്ട് സമർപ്പണം

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനാറാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) ഹർജികൾ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്

സമർപ്പിക്കപ്പെട്ടു.

## VI ക്രമപ്രശ്നം

ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതിലെ കാലതാമസം

ശ്രീ. പി. സി. ജോർജ്: പതിനാലാം കേരള നിയമസഭയുടെ വിവിധ സമ്മേളനങ്ങളിൽ അംഗങ്ങൾ ഉന്നയിച്ച ചോദ്യങ്ങൾക്ക് മന്ത്രിമാർ യഥാസമയം മറുപടി നൽകാതെ ഡിലേ സ്റ്റേറ്റ്മെന്റ് പിന്നീട് സമർപ്പിക്കുന്ന പ്രവണത വർദ്ധിച്ചുവരികയാണ്. വിവരാവകാശ നിയമപ്രകാരം നൽകുന്ന ചോദ്യത്തിന് മുപ്പതു ദിവസത്തിനുള്ളിൽ മറുപടി ലഭിക്കുമെന്നിരിക്കെ നിയമസഭാംഗങ്ങളുടെ അവകാശത്തെ ഹനിക്കുന്ന ഈ നടപടിക്കെതിരെ ശക്തമായ റൂളിംഗ് നൽകണം.

## റൂളിംഗ്

മി. സ്പീക്കർ: ഉത്തരങ്ങൾ കൃത്യമായി നൽകുന്നതിന് അവരവരുടെ ഓഫീസുകളിലും ബന്ധപ്പെട്ട വകുപ്പുതലത്തിലും മന്ത്രിമാർ നടപടി സ്വീകരിക്കണമെന്ന് നേരത്തെ റൂൾ ചെയ്തതിന്റെ അടിസ്ഥാനത്തിൽ മാറ്റങ്ങളുണ്ടായിട്ടുണ്ട്. നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ അന്തിമ മറുപടി നൽകാൻ കഴിയാത്തപക്ഷം ബന്ധപ്പെട്ട മന്ത്രി കാരണങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള ഡിലേ സ്റ്റേറ്റ്മെന്റ് മേശപ്പുറത്തുവയ്ക്കണമെന്ന് ചട്ടത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. അത് സഭയോടുള്ള അറിയിപ്പും ആദരവുമായി കാണേണ്ടതാണ്. എന്നാൽ അനന്തമായ

കാലതാമസം അനുവദിക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച പ്രശ്നം ഗൗരവമായി പരിശോധിക്കുകയും റിവ്യൂ നടത്തി സഭയെ അറിയിക്കുന്നതുമാണ്.

## VII ധനകാര്യം

### 2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ IX - വാഹന നികുതികൾ (97,37,43,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XLI - ഗതാഗതം (871,81,47,000 രൂപ)

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXIII - മത്സ്യബന്ധനം ( 477,62,75,000 രൂപ)

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയേയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയേയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.

ശ്രീ. സി. കൃഷ്ണൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സമാനതകളില്ലാത്ത രക്ഷാപ്രവർത്തനമാണ് പ്രളയകാലത്ത് മത്സ്യത്തൊഴിലാളികൾ നടത്തിയത്. സമുദ്രമത്സ്യോല്പാദനത്തിൽ ഒന്നാമതായിരുന്ന സംസ്ഥാനം നാലാം സ്ഥാനത്തേയ്ക്ക് പിന്തള്ളപ്പെട്ടിരിക്കുകയാണ്. മത്സ്യ സമ്പത്ത് കുറയുന്ന സാഹചര്യത്തിൽ ഉൾനാടൻ മത്സ്യ പ്രജനന ആവാസകേന്ദ്രം സംരക്ഷിക്കാനെടുത്തിട്ടുള്ള നിലപാട് അഭിനന്ദനീയമാണ്. മത്സ്യമേഖല നേരിടുന്ന പ്രതിസന്ധികളെ അതിജീവിക്കാനാവശ്യമായ പഠന ഗവേഷണകേന്ദ്രങ്ങൾ ശക്തിപ്പെടുത്തണം. കടാശ്വാസ കമ്മീഷന്റെ കാലപരിധി നീട്ടിയ നടപടി കടക്കെണിയിലകപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസകരമാണ്. പഞ്ഞമാസക്കാലത്തെ സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരമുള്ള ധനസഹായം വർദ്ധിപ്പിച്ചതും മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തിയതും വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയതും കടലാക്രമണത്തെ

പ്രതിരോധിക്കുന്നതിനുള്ള നടപടി സ്വീകരിച്ചതും സ്വാഗതാർഹമാണ്.

ശ്രീ. എം. വിൻസെന്റ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. യു.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ കെ.എസ്.ആർ.ടി.സി.യുടെ കടബാധ്യത 2130 കോടി രൂപയായിരുന്നത് മൂന്നു വർഷംകൊണ്ട് 4320 കോടി രൂപയായി വർദ്ധിപ്പിച്ചത് ഈ ഗവൺമെന്റിന്റെ കെടുകാര്യസ്ഥതയെയാണ് സൂചിപ്പിക്കുന്നത്. 9000 ജീവനക്കാരെ പിരിച്ചുവിട്ട നടപടി അപലപനീയമാണ്. പുതിയ ബസ്സുകൾ നിരത്തിലിറക്കാനുള്ള നടപടികൾ ഇതുവരെയും ആരംഭിച്ചിട്ടില്ല. ശമ്പള പരിഷ്കരണം നടപ്പിലാക്കാനോ യൂണിഫോം അലവൻസ് നൽകാനോ സാധിച്ചിട്ടില്ല. കടലാക്രമണംമൂലം ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിനും മുൻഗണനാ വിഭാഗത്തിൽപ്പെടുത്തി റേഷൻകാർഡുകൾ നൽകുന്നതിനും തീരദേശവാസികൾക്ക് പട്ടയം നൽകുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. വി. ആർ. സുനിൽ കുമാർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഭരണഘടന വിഭാവന ചെയ്യുന്ന എല്ലാ അവകാശങ്ങളെയും ആവിഷ്കാര സ്വാതന്ത്ര്യത്തേയും ഹനിക്കുന്ന സമീപനമാണ് കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്. വർഗ്ഗീയ ഫാസിസ്റ്റ് ശക്തികളെ ചെറുക്കുന്ന

നിലപാടുകളാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി എക്കാലത്തും സ്വീകരിച്ചിട്ടുള്ളത്. കടലാക്രമണംമൂലം ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. അബ്ദുൽ ഹമീദ്. പി.: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. മത്സ്യമേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിന് നിയമ ഭേദഗതികൾ കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കണം. മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കാൻ തയ്യാറാകണം. തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കേണ്ട പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും മത്സ്യത്തൊഴിലാളി കടാശ്വാസത്തിന്റെ പരിധി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്ന എൻജിനുകൾക്ക് സിവിൽ സപ്ലൈസ്/മത്സ്യഫെഡ് വഴി നൽകിക്കൊണ്ടിരുന്ന മണ്ണെണ്ണയുടെ അളവ് കുറയ്ക്കുകയും യാനങ്ങളുടെ രജിസ്ട്രേഷൻ ഫീസ് വർദ്ധിപ്പിക്കുകയും ചെയ്ത നടപടി

പരിശോധിക്കണം. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള തീരദേശ മേഖലകളിൽ പുലിമുട്ട് നിർമ്മിക്കാനും വള്ളിക്കുന്ന് പഞ്ചായത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതി നടപ്പാക്കാനും പതിറ്റാണ്ടുകളായി തീരദേശ മേഖലകളിൽ താമസിക്കുന്നവർക്ക് പട്ടയം ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. സി. കെ. നാണു: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തുറമുഖങ്ങൾ നവീകരിക്കാനും തീരദേശമേഖലകളിൽ പുലിമുട്ട് നിർമ്മിക്കാനും നടപടി സ്വീകരിക്കണം. വടകര-കുറ്റ്യാടി-തൊട്ടിൽപ്പാലം-വയനാട്-ബാംഗ്ലൂർ റൂട്ടിൽ കൂടുതൽ ബസ് സർവ്വീസ് അനുവദിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം.

ശ്രീ. എം. നൗഷാദ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിന്റെ സമസ്ത മേഖലകളിലും പുരോഗതി കൈവരിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. മത്സ്യമേഖലയെ സംരക്ഷിക്കുന്നതിന് ക്രിയാത്മകമായ പ്രവർത്തനങ്ങളുമായാണ് മത്സ്യബന്ധന വകുപ്പ് മുന്നോട്ടുപോകുന്നത്. തീരസംരക്ഷണത്തിനായി കേരളത്തിൽ 900 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചതും താന്നി മുതൽ കൊല്ലം ബീച്ച് വരെയുള്ള തീരപ്രദേശത്ത് പുലിമുട്ട് നിർമ്മാണത്തിന് തുക അനുവദിച്ചതും അഭിനന്ദനാർഹമാണ്. മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണത്തിനുള്ള സഹായം 4 ലക്ഷം രൂപയായും സമാശ്വാസ പദ്ധതി 4500/- രൂപയായും വർദ്ധിപ്പിച്ചതും തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ മത്സ്യത്തൊഴിലാളി

കുടുംബങ്ങൾക്ക് ഫ്ലാറ്റ് സമുച്ചയം നിർമ്മിച്ചുനൽകിയതും ഈ മേഖലയോടുള്ള സർക്കാരിന്റെ പ്രതിബദ്ധത വ്യക്തമാക്കുന്നതാണ്. കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് സഹകരണസംഘങ്ങളുടെ കൺസോർഷ്യം വഴി പെൻഷൻ നൽകാനും ഇലക്ട്രിക് ബസ്സുകൾ നിരത്തിലിറക്കാനും ജലഗതാഗത മേഖലയിൽ എ.സി. ബോട്ട് സർവ്വീസ് ആരംഭിക്കാനും സാധിച്ചിട്ടുണ്ട്. അട്ടപ്പാടിയിൽ മരണപ്പെട്ട മധുവിന്റെ സഹോദരിക്ക് ജോലി നൽകിയതും ലോക്കപ്പ് മർദ്ദനത്തിൽ മരണമടഞ്ഞ ശ്രീജിത്തിന്റെ കുടുംബത്തെ സംരക്ഷിച്ചതും ചികിത്സ ലഭിക്കാതെ മരണപ്പെട്ട അന്യസംസ്ഥാനത്തൊഴിലാളിയായ മുരുകന്റെ കുടുംബത്തിന് 10 ലക്ഷം രൂപ നൽകിയതും സർക്കാരിന്റെ സാമൂഹ്യപ്രതിബദ്ധത വ്യക്തമാക്കുന്നതാണ്.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ചാർജ് ചെയ്യാനുള്ള സൗകര്യം ഏർപ്പെടുത്താതെ 10 ഇലക്ട്രിക് ബസ്സുകൾ വാടകയ്ക്കെടുത്തതും നഷ്ടത്തിലോടുന്ന സർവ്വീസുകൾ നിർത്തലാക്കിയതും എം-പാനൽ ജീവനക്കാരെ പിരിച്ചുവിട്ടതും ശരിയായ നടപടിയല്ല. കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കാൻ ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കുകയും ട്രാഫിക് സർവ്വേ അനലൈസ് നടത്തിയതിനുശേഷം

ദീർഘദൂര സർവ്വീസുകൾ ആരംഭിക്കുകയും വേണം. പ്രളയത്തിൽ തകർന്ന കട്ടപ്പന ഡിപ്പോ പുനർനിർമ്മിക്കുകയും ഇന്റർസ്റ്റേറ്റ് സർവ്വീസുകൾ ആരംഭിക്കുകയും ചെയ്യണം. മലയോര മേഖലയോട് അനുഭാവപൂർവ്വമായ സമീപനം സ്വീകരിക്കാനും വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട കൺസെഷൻ നൽകാൻ ആവശ്യമെങ്കിൽ പോളിസിയിൽ മാറ്റം വരുത്താനും കെ.എസ്.ആർ.ടി.സി. തയ്യാറാകണം.

ശ്രീമതി ഗീതാ ഗോപി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രളയത്തിൽ രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകിയ മത്സ്യത്തൊഴിലാളികളെ പോലീസ് സേനയിൽ നിയമിക്കാനും 'സഫലം' പദ്ധതി ഉൾപ്പെടെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കുവേണ്ടി നിരവധി പദ്ധതികൾ നടപ്പിലാക്കാനും കടലാക്രമണം തടയാനും തീരദേശ റോഡുകൾ പരിപാലിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. തീരദേശ മേഖലയുടെ വികസനത്തിനാവശ്യമായ ധനസഹായം കേന്ദ്ര സർക്കാരിൽനിന്ന് ലഭ്യമാക്കാനും മത്സ്യനയം നടപ്പിലാക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. പി. സി. ജോർജ്: തൊഴിലാളികളെ വിശ്വാസത്തിലെടുത്തും കോർപ്പറേഷനെ വിഭജിച്ചും എം.ഡി.-ക്ക് പൂർണ്ണമായ അധികാരം നൽകിയും

കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കുന്നതിനും വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിനും സർക്കാരിന്റെ ഇടപെടലുണ്ടാകണം.

ശ്രീ. കെ. ദാസൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കടലാക്രമണം തടയുന്നതിന് 22.5 കോടി രൂപ അനുവദിച്ചതുൾപ്പെടെ നിരവധി പദ്ധതികൾ തീരദേശമേഖലയിൽ നടപ്പിലാക്കിയിട്ടുണ്ട്. ഓഖി ദുരന്തത്തിൽ മരണപ്പെടുകയോ കാണാതാവുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകിയതിനുപുറമെ ആശ്രിതർക്ക് ജോലി നൽകുന്നതിനും വിദ്യാർത്ഥികൾക്ക് ഡിഗ്രിതലംവരെ സൗജന്യ വിദ്യാഭ്യാസവും തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും ഉറപ്പാക്കുന്നതിനും മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിച്ചു. 3000 കോടി രൂപയുടെ തീരദേശ വികസനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുന്ന സമ്പ്രദായം നടപ്പിലാക്കുന്നത് സംബന്ധിച്ച് തൊഴിലാളി യൂണിയനുകളുമായി ചർച്ച ചെയ്യുന്നതിനും ജി.പി.എസ്. പൊതുമേഖലാ സ്ഥാപനങ്ങളിൽ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം. ലാഭകരമല്ലാത്തതിനാൽ കെ.എസ്.ആർ.ടി.സി. റദ്ദുചെയ്ത റൂട്ടുകൾ പുനഃപരിശോധിക്കുന്നതിനും കൊയിലാണ്ടിയിൽനിന്നും പേരാമ്പ്ര-കുറ്റ്യാടി വഴി മാനന്തവാടിയിലേയ്ക്കും വടകര-മണിയൂരിലേയ്ക്കും പുതിയ സർവ്വീസുകൾ

അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. ജെ. മാക്സി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഓഖി ദുരന്തത്തിൽ മരണപ്പെട്ടവരുടെയും കാണാതായവരുടെയും കുടുംബങ്ങൾക്ക് ധനസഹായം നൽകിയതും മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസ സൗകര്യങ്ങൾ ഉറപ്പാക്കിയതും ശ്ലാഘനീയമാണ്. ചെല്ലാനം മത്സ്യഗ്രാമത്തിന്റെ വികസനത്തിനായി പ്രത്യേക പാക്കേജ് നടപ്പാക്കണം. പ്രളയദുരന്ത ബാധിതർക്ക് അടിയന്തര ധനസഹായം നൽകിയതിനുപുറമെ വീടുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സർക്കാരിന് സാധിച്ചു. കേരളത്തിന്റെ സമഗ്ര വികസനത്തിനാവശ്യമായ ധനസമാഹരണത്തിനായി കിഫ്ബി രൂപീകരിച്ചതും കർഷകപെൻഷനുകൾ കുടിശ്ശിക സഹിതം കൊടുത്തുതീർത്തതും കർഷക ആത്മഹത്യകൾ ഒഴിവാക്കാൻ കഴിഞ്ഞതും പ്രശംസനീയമാണ്. തീരദേശ റോഡുകളുടെ വികസനം, ഭൂരഹിതരും ഭവനരഹിതരുമായ മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം, കടലാക്രമണത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് ഫ്ലാറ്റ് സമുച്ചയം, മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ എൻട്രൻസ് പരിശീലനം, ഓഖി ദുരന്തബാധിതരുടെ മക്കൾക്ക് സൗജന്യ വിദ്യാഭ്യാസം, ശുചിത്വ സാഗരം, വിദ്യാതീരം തുടങ്ങി നിരവധി അഭിമാനകരമായ പദ്ധതികളാണ് സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. സംസ്ഥാനത്ത് നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന

ബസ് ലോബികളെ നിയന്ത്രിക്കുന്നതിനും യാത്രാ നിരക്കുകൾ ഏകീകരിക്കുന്നതിനും ബസ്സുകൾക്ക് വേഗപ്പൂട്ടും ജി.പി.എസ്. സംവിധാനവും നിർബന്ധമാക്കുന്നതിനും സ്വകാര്യ ബസ്സുൾപ്പെടെയുള്ള പൊതുഗതാഗത സംവിധാനങ്ങളിൽ ഡ്രൈവർ നിയന്ത്രിത വാതിലുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മത്സ്യബന്ധന മേഖലയെ അവഗണിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന മത്സ്യത്തൊഴിലാളികൾക്ക് സഹായമെത്തിക്കുന്നതിനും കടക്കെണിയിൽപ്പെട്ടവരെ രക്ഷിക്കുന്നതിനായി ചെറുകിട വായ്പാപദ്ധതി ആവിഷ്കരിക്കുന്നതിനും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ബി.പി.എൽ. കാർഡും സൗജന്യറേഷനും നൽകുന്നതിനും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും തയ്യാറാകണം. സുനാമി ഫ്ലാറ്റുകൾ വാസയോഗ്യമാക്കണം. മത്സ്യം സൂക്ഷിക്കുന്നതിനായി ഫ്രീസർ സൗകര്യം ഏർപ്പെടുത്തുന്നതിനും മത്സ്യബന്ധനത്തിന് പോകുന്നവരുടെ വിശദാംശങ്ങൾ അത്യാധുനിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി ശേഖരിക്കുന്നതിനും മത്സ്യമാർക്കറ്റുകളുടെ ശുചിത്വവും നവീകരണവും ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണം. കാസർഗോഡ് കസബ കടപ്പുറത്തെ വായനശാലയ്ക്ക് പുസ്തകങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിന് ഫണ്ട് അനുവദിക്കണം. കാസർഗോഡ് ഫിഷിംഗ്

ഹാർബർ യാഥാർത്ഥ്യമാക്കണം. കെ.എസ്.ആർ.ടി.സി.-യെ കടക്കെണിയിൽനിന്ന് രക്ഷിക്കുന്നതിനും ലാഭകരമാക്കുന്നതിനും ഫലപ്രദമായ സംവിധാനങ്ങൾ ഏർപ്പെടുത്തണം.

ശ്രീ. കെ. ആൻസലൻ: ധനാഢ്യർത്ഥനകളെ അനുകൂലിക്കുന്നു. മത്സ്യത്തൊഴിലാളികളെ സമൂഹത്തിന്റെ പൊതുധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനായി നിരവധി പദ്ധതികളാണ് സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. പൊഴിയൂർ മേഖലയിൽ ഓഖി ദുരന്തത്തിൽപ്പെട്ട് കാണാതായ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് 20 ലക്ഷം രൂപ വീതം നൽകിയതും പൊഴിയൂരിൽ ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കുന്നതും 'വിദ്യാതീരം' പദ്ധതി നടപ്പാക്കിയതും പഞ്ഞമാസ പ്രത്യേക സ്കീമിനുള്ള തുക 4500 രൂപയായും മരണാനന്തര സഹായം 10 ലക്ഷം രൂപയായും വർദ്ധിപ്പിച്ചതും യാനങ്ങൾക്കും ബോട്ടുകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയതും അഭിനന്ദനാർഹമാണ്. സബ്സിസിഡി നിരക്കിൽ മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ നൽകാൻ നടപടി സ്വീകരിക്കണം. മത്സ്യബന്ധന യന്ത്രങ്ങളുടെ എൻജിനുകൾക്ക് പെർമിറ്റ് നൽകുന്നതിലെ കാലതാമസം ഒഴിവാക്കാനും മത്സ്യത്തൊഴിലാളി മേഖലയിലേതടക്കം ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കിയതിലെ അപാകതകൾ പരിഹരിക്കാനും തയ്യാറാകണം. കടലാക്രമണം തടയുന്നതിന് തീരപ്രദേശങ്ങളിൽ

കടൽഭിത്തി, പുലിമുട്ടുകൾ എന്നിവ നിർമ്മിക്കാനും ഫിഷിംഗ് മാർക്കറ്റും സ്റ്റാളുകളും ആരംഭിച്ച് ഉപഭോക്താക്കൾക്ക് ഭക്ഷ്യയോഗ്യമായ മത്സ്യം എത്തിച്ചുകൊടുക്കാനും നടപടിയെടുക്കണം. നെയ്യാറ്റിൻകര താലൂക്കിലെ യാത്രാക്ലേശം പരിഹരിക്കാനും കെ.എസ്.ആർ.ടി.സി.യെ സംരക്ഷിച്ചുകൊണ്ട് സമാന്തര സർവ്വീസ് നടത്തുന്നവരെ സഹായിക്കാനും നടപടിയുണ്ടാകണം.

ശ്രീ. അൻവർ സാദത്ത്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കെടുകാര്യസ്ഥത ഇല്ലാതാക്കി കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കണം. ജീവനക്കാർ അപേക്ഷ നൽകാതെ അവധിയിൽ പ്രവേശിക്കുന്നത് സംബന്ധിച്ച് പരിശോധിക്കണം. സ്വകാര്യ ബസ് സർവ്വീസ് മേഖലയിലെ കുത്തക മുതലാളിത്തവും ഗുണ്ടായിസവും അവസാനിപ്പിക്കാനും പൊതുഗതാഗതരംഗം ശക്തിപ്പെടുത്താനും നടപടിയുണ്ടാകണം. നിർത്തലാക്കിയ മിന്നൽ ബസ്സുകൾ പുനഃസ്ഥാപിക്കണം. അന്തർ സംസ്ഥാന സർവ്വീസ് സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കണം. കടൽഭിത്തിയുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിന് നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): കെ.എസ്.ആർ.ടി.സി. ബസ്സുകൾ കോൺവോയ് ആയി സർവ്വീസ് നടത്തുന്നത് ഒഴിവാക്കുന്നതിനായി റൂട്ടുകൾ ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിൽനിന്ന് ചെന്നൈയിലേയ്ക്കും കമ്പം-തേനി മേഖലകളിലേയ്ക്കും അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്നതിന് തമിഴ്നാടുമായി ധാരണയുണ്ടാക്കിയിട്ടുണ്ട്. ഉൾനാടൻ മേഖലകളിലേയ്ക്കുള്ള ലാഭകരമല്ലാത്ത സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ട്. ട്രാഫിക് സർവ്വേ ശാസ്ത്രീയമായി നടത്തിയതിനുശേഷമേ പുതിയ സർവ്വീസുകൾ ആരംഭിക്കുകയുള്ളൂ. പരീക്ഷണാടിസ്ഥാനത്തിൽ 10 ഇലക്ട്രിക് ബസുകൾ വാടകയ്ക്കെടുത്ത് ലോംഗ് റൂട്ടിൽ നടത്തിയ സർവ്വീസ് ഫലപ്രദമായില്ല. ചാർജ്ജിംഗ് സ്റ്റേഷനുകൾ സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തി മുന്നോട്ടുപോകാനാണ് ശ്രമിക്കുന്നത്. ഇ-വെഹിക്കിൾ പദ്ധതിയുമായി മുന്നോട്ടുപോകാനും വാട്ടർ ടാക്സി, വാട്ടർ ബസ്സ് എന്നിവ യാഥാർത്ഥ്യമാക്കാനും ശ്രമിക്കുന്നതാണ്. എം.എൽ.എ. ഫണ്ടുപയോഗിച്ച് നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കാത്ത ഡിപ്പോകളുടെ പ്രവർത്തനം സംബന്ധിച്ച് സ്ഥലം എം.എൽ.എ.-മാരുമായി ചർച്ച ചെയ്ത് പരിഹാരം കാണുന്നതാണ്. വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിക്കാൻ സാധിക്കുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്. ആംബുലൻസ് ഡ്രൈവർമാർക്ക് പ്രത്യേക പരിശീലനം നൽകാനും വ്യക്തമായ മാർഗ്ഗരേഖയുണ്ടാക്കാനും രോഗിയുടെ സുരക്ഷിതത്വം ഉറപ്പുവരുത്താനും നടപടി സ്വീകരിക്കും. കെ.എസ്.ആർ.ടി.സി പെൻഷൻ സഹകരണ ബാങ്കുകളുടെ

കൺസോർഷ്യം വഴിയാണ് നൽകിക്കൊണ്ടിരിക്കുന്നത്. കെ.എസ്.ആർ.ടി.സി.-യുടെ സംരക്ഷണത്തിനുതകുന്ന എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സഭാതലത്തിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. മത്സ്യോത്പാദന വർദ്ധനവിലൂടെ മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും ശാസ്ത്രീയ ഇടപെടലിലൂടെ മത്സ്യസമ്പത്തിൽ ഗണ്യമായ വർദ്ധനവുണ്ടാക്കാനും സാധിച്ചിട്ടുണ്ട്. മത്സ്യഭവൻ രൂപീകരണത്തിന് പ്രത്യേക പരിഗണന നൽകുന്നതാണ്. സീഡ് സെന്ററിന്റെ മികച്ച പ്രവർത്തനം അക്വാകൾച്ചർ രംഗത്ത് വൻനേട്ടമുണ്ടാക്കുന്നതാണ്. വീടില്ലാത്ത മത്സ്യത്തൊഴിലാളികൾക്കായി വലിയതുറയിൽ ഫ്ലാറ്റ് സമുച്ചയങ്ങൾ പൂർത്തിയാക്കി. കടൽക്ഷോഭം നേരിടാൻ ഇറിഗേഷൻ/മത്സ്യബന്ധന വകുപ്പുകൾ സംയുക്തമായി പ്രവർത്തിക്കുന്നതാണ്. കടൽക്ഷോഭം തടയുന്നതിനായി 'ഓഫ് ഷോർ ബ്രേക്ക് വാട്ടർ' സംവിധാനം നടപ്പാക്കുന്നതിന് കിഫ്ബിയിൽ സമർപ്പിച്ച ഡി.പി.ആർ.-ന് അനുമതി ലഭിക്കുന്നമുറയ്ക്ക് തിരുവനന്തപുരത്ത് തീരസംരക്ഷണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ യാനങ്ങൾക്കും

ബോട്ടുകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുകയും കുടിശ്ശികയായിരുന്ന 18 കോടി രൂപ കൊടുത്തുതീർക്കുകയും കുട്ടികൾക്ക് ലംപ്സം ഗ്രാന്റ് ലഭ്യമാക്കുകയും 'വിദ്യാതീരം' പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 71 കുട്ടികളെ ഉന്നത വിദ്യാഭ്യാസത്തിന് യോഗ്യരാക്കുകയും ചെയ്തു. മത്സ്യത്തൊഴിലാളികൾക്കായി 420 കോടി രൂപയുടെ വിവിധ പദ്ധതികൾ നടപ്പാക്കുകയും പലിശരഹിത വായ്പ 50,000 രൂപയാക്കി ഉയർത്തുകയും ചെയ്തു. മത്സ്യത്തൊഴിലാളികളുടെ വിവിധ ആനുകൂല്യങ്ങൾക്കായി മത്സ്യബോർഡ് വഴി 214 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 'തീരമൈത്രി' പദ്ധതി വഴി 13.21 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഉൾനാടൻ മത്സ്യകൃഷിയുടെ വ്യാപനത്തിനും മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുമായി വേമ്പനാട്, അഷ്ടമുടി കായലുകളിലെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ മേൽനോട്ടത്തിൽ കരിമീനിന്റെ 20 സ്വാഭാവിക പ്രജനനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതാണ്. മത്സ്യകൃഷി സംരക്ഷിക്കാൻ തണ്ണീർമുക്കം ബണ്ട് തുറക്കുന്നതുസംബന്ധിച്ച് ഉന്നതതലയോഗം വിളിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കക്ക ഉപയോഗിച്ച് വേമ്പനാട് കായലിനെ പാരിസ്ഥിതികമായി ശുദ്ധീകരിക്കാനും കക്ക, കരിമീൻ സംരക്ഷണം ശാസ്ത്രീയമായി നടത്താനും നടപടി സ്വീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ

ഹാർബറുകൾ സമയബന്ധിതമായി പൂർത്തീകരിച്ച് മാർക്കറ്റുകളിൽ ഗുണനിലവാരമുള്ള മത്സ്യം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. മത്സ്യമേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് എല്ലാവരുടെയും പിന്തുണയും സഹകരണവും പ്രതീക്ഷിക്കുന്നു. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥന 34-നെതിരെ 77 വോട്ടുകളോടെയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയും 34-നെതിരെ 78 വോട്ടുകളോടെയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## VIII നിയമനിർമ്മാണകാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി

(ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. കെ. ബഷീർ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. മെഡിക്കൽ വിദ്യാഭ്യാസ പ്രവേശനവുമായി ബന്ധപ്പെട്ട കാര്യത്തിൽ വകുപ്പിന്റെ കാര്യക്ഷമതയില്ലായ്മ പല പ്രാവശ്യം വ്യക്തമായിട്ടുള്ളതാണ്. 2017-ൽ പാസ്സാക്കിയ ബില്ലിലെ ചില വ്യവസ്ഥകൾ ഒഴിവാക്കിക്കൊണ്ട് ഹൈക്കോടതി പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിലാണ് ഭേദഗതി ബിൽ കൊണ്ടുവന്നിരിക്കുന്നത്. പ്രവേശന മേൽനോട്ട സമിതി, ഫീസ് നിർണ്ണയ സമിതി എന്നിവയുടെ അദ്ധ്യക്ഷനായി റിട്ടയേർഡ് ജഡ്ജിയെത്തന്നെ നിയമിക്കണമെന്നും രണ്ട് സമിതികളിലും നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ പ്രതിനിധി ഒരേ വ്യക്തി തന്നെ ആയിരിക്കണമെന്നും

നിഷ്കർഷിച്ചിരിക്കുന്നത് ഹൈക്കോടതി വിധിയുടെ അന്ത:സത്തയ്ക്ക് വിരുദ്ധമാണ്. പ്രവേശന മേൽനോട്ട സമിതിക്ക് നൽകിയിട്ടുള്ള അധികാരങ്ങൾ പരിമിതമാണ്. വ്യവസ്ഥകൾ ലംഘിക്കുന്നവർക്കുള്ള പിഴ വർദ്ധിപ്പിക്കണം. ഭേദഗതി ബിൽ വ്യക്തമായ നിബന്ധനകൾ ഉൾക്കൊള്ളുന്നതായിരിക്കണം.

ശ്രീ. റോഷി അഗസ്റ്റിൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഹൈക്കോടതി വിധിന്യായത്തിലെ നിർദ്ദേശം സ്വീകരിച്ചുകൊണ്ട് ഭേദഗതി വരുത്താനുള്ള തീരുമാനം സ്വാഗതാർഹമാണ്. പ്രവേശന മേൽനോട്ട സമിതിയുടെ പ്രവർത്തനം കുറ്റമറ്റ രീതിയിലും ഫലപ്രദമായും നടത്തുന്നതിനായി അംഗങ്ങളെ പുന:ക്രമീകരിക്കണം. ബില്ലിലെ 3(എഫ്)-ൽ പരാമർശിച്ചിരിക്കുന്ന വിദ്യാഭ്യാസ വിദഗ്ദ്ധൻ, മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ വിദഗ്ദ്ധനായ ആളായിരിക്കണമെന്നത് പ്രത്യേകം പരാമർശിക്കണം. ഉന്നത വിദ്യാഭ്യാസ സെക്രട്ടറി, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ എന്നിവരെ ഒഴിവാക്കിയ നടപടി പുന:പരിശോധിക്കണം.

ശ്രീ. ജോർജ് എം. തോമസിനുവേണ്ടി ശ്രീ. റ്റി. വി. രാജേഷ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ്

ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

സുപ്രീംകോടതി വിധിയുടെ പരിമിതികളുള്ളിൽ നിന്നുകൊണ്ട് സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് സ്വാശ്രയ വിദ്യാഭ്യാസം സാധ്യമാക്കാനുള്ള ഇടപെടലാണ് സർക്കാർ നടത്തിയിരിക്കുന്നത്. എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജുകൾ തുടങ്ങുമെന്ന പ്രഖ്യാപനം നടത്തുകയും അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിന് യാതൊരു നടപടിയും സ്വീകരിക്കുകയും ചെയ്യാത്ത മുൻസർക്കാരിൽനിന്ന് വ്യത്യസ്തമായി ഘട്ടംഘട്ടമായി സൗകര്യങ്ങൾ വിപുലപ്പെടുത്തി മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്ന സമീപനമാണ് ഈ സർക്കാർ സ്വീകരിക്കുന്നത്.

<u>ശ്രീ. പി. ടി. തോമസ്</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

2017-ൽ നിയമസഭ പാസ്സാക്കിയ ബില്ലിനെതിരെ സ്വകാര്യ മെഡിക്കൽ കോളേജ് മാനേജുമെന്റുകൾ സമർപ്പിച്ച ഹർജിയിന്മേലുള്ള ഹൈക്കോടതിവിധിയെത്തുടർന്ന് ചില വകുപ്പുകൾ റദ്ദ് ചെയ്തതിനെ

മറികടക്കുകയെന്ന ഉദ്ദേശ്യത്തോടെയാണ് ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഫീസ് തീരുമാനിക്കാനും പ്രവേശനത്തിനും പ്രത്യേക സമിതികൾ വേണമെന്ന കോടതിവിധിയുടെ അന്ത:സ്സത്തയ്ക്ക് വിരുദ്ധമായ ഈ ബിൽ കോടതിയിൽ വീണ്ടും ചോദ്യം ചെയ്യപ്പെടുമെന്നതിൽ സംശയമില്ല. സ്വകാര്യ-സ്വാശ്രയ മാനേജ്മെന്റുകളെ സഹായിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. ഇടുക്കി മെഡിക്കൽ കോളേജടക്കമുള്ള പുതിയ സർക്കാർ മെഡിക്കൽ കോളേജുകളുടെ കാര്യത്തിൽ നിരുത്തരവാദപരമായ സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>): മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് നീതി ഉറപ്പാക്കുന്നതിനായി സ്വാശ്രയ മാനേജ്മെന്റുകളെ നിയന്ത്രിക്കുന്നതിനുള്ള നിയമം കേരള നിയമസഭ ആദ്യമായിട്ടാണ് പാസ്സാക്കുന്നത്. സദുദ്ദേശ്യത്തോടുകൂടി സർക്കാർ കൊണ്ടുവന്ന 2017-ലെ 15-ാം നമ്പർ ആക്ടിനെതിരെ സ്വകാര്യ മാനേജ്മെന്റുകൾ കോടതിയിൽ പോയതിനെത്തുടർന്ന് മാനേജ്മെന്റുമായി കൺസെഷണൽ എഗ്രിമെന്റുണ്ടാക്കാനുള്ള സാദ്ധ്യത പറയുന്ന 17-ാം ഖണ്ഡവും 19-ാം ഖണ്ഡവും കോടതി റദ്ദാക്കി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2016-17-ലെ അഡ്മിഷൻ നടത്തിയപ്പോഴാണ് നീറ്റ് മെറിറ്റ് നിലവിൽ വന്നത്. സെൻട്രൽ മെറിറ്റ് ലിസ്റ്റിൽ നിന്നുമാത്രമേ അഡ്മിഷൻ നടത്താൻ പാടുള്ളൂയെന്നും സംസ്ഥാനങ്ങളിലെ

മെറിറ്റ് ലിസ്റ്റ് അംഗീകരിക്കുകയില്ലെന്നും സുപ്രീം കോടതിയും കേന്ദ്ര ഗവൺമെന്റും വ്യക്തമാക്കിയതിനെത്തുടർന്ന് ഗവൺമെന്റ് അപ്പീൽ നൽകുകയും കോടതി നിർദ്ദേശമനുസരിച്ച് മാനേജ്മെന്റുകളുമായി ചർച്ച നടത്തിയതിന്റെ ഭാഗമായി ഇരുപത്തയ്യായിരത്തിനും രണ്ട് ലക്ഷത്തിനുമിടയിൽ പഠിക്കുന്ന കുട്ടികൾ 50 ശതമാനവും ബാക്കി 50 ശതമാനത്തിൽ 35 ശതമാനം പേർക്ക് 11 ലക്ഷം രൂപയും 15 ശതമാനം എൻ.ആർ.ഐ. സീറ്റിന് 15 ലക്ഷം രൂപയുമായി ഫീസ് ഫിക്സ് ചെയ്തു. 21017-18-ൽ സുപ്രീംകോടതിയുടെയും എം.സി.ഐ.-യുടെയും മാനദണ്ഡമനുസരിച്ച് ഫീ റെഗുലേറ്ററി കമ്മിറ്റി ഏകീകൃത ഫീസ് നിശ്ചയിക്കുന്ന രീതിയുണ്ടാകുകയും ഓരോ കോളേജിനും വ്യത്യസ്ത ഫീസ് നിശ്ചയിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2017-18-ലെയും 2018-19-ലെയും സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ ഫീസ് ആറ് ലക്ഷം രൂപയ്ക്കുതാഴെയാണ് നിശ്ചയിച്ചത്. ഫീ റെഗുലേറ്ററി കമ്മിറ്റിയിലേയും അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയിലേയും അംഗങ്ങളെ ഒരു കമ്മിറ്റിയായി കണക്കാക്കി 2017-ലെ നിയമമനുസരിച്ച് പത്തംഗ കമ്മിറ്റി ഫീസ് നിശ്ചയിച്ചെങ്കിലും നാലംഗങ്ങൾ മാത്രം ഹാജരായതിനാൽ കോടതി അത് റദ്ദ് ചെയ്യുകയും വലിയ ഒരു കമ്മിറ്റിക്ക് പകരം രണ്ട് ചെറിയ കമ്മിറ്റികളാകുന്നതാണ് നല്ലതെന്ന് നിർദ്ദേശിക്കുകയും ചെയ്തു. കോടതിവിധി മാനേജ്മെന്റുകൾക്ക് അനുകൂലമായിട്ടല്ലെന്നുള്ളത് അഭിമാനകരമായ കാര്യമാണ്. സർക്കാർ മെഡിക്കൽ

കോളേജുകളിൽ എം.ബി.ബി.എസ്.-ന് 10 ശതമാനം സാമ്പത്തിക സംവരണം നൽകണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെ ലിസ്റ്റ് മെഡിക്കൽ കൗൺസിലിന് അയച്ചുകൊടുത്തത്. നിലവിലുള്ള മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് മെച്ചപ്പെട്ട ചികിത്സാസൗകര്യം ലഭ്യമാക്കാനുള്ള ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കോടതിവിധിയനുസരിച്ച് സദുദ്ദേശ്യത്തോടുകൂടിയാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

117, 119, 121, 123, 124, 125, 126, 127, 128, 129, 130, 131, 132 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

136, 139, 142, 144, 145, 146, 147, 148, 150, 151, 152, 154,155, 156, 157, 158, 159, 161, 162, 163, 165, 166, 167, 169, 172, 174, 177, 180, 181, 184, 189, 190, 191, 193, 196, 198, 200, 201, 203, 207, 208, 209, 210, 213, 217, 218, 220, 221, 227, 228, 230, 232, 235, 237, 238, 239, 240 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

133. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ യുടെ ഇനം (ഇ) താഴെപ്പറയും പ്രകാരം മാറ്റുക:

" (ഇ) ചെയർപേഴ്സണുമായി കൂടിയാലോചിച്ച് സർക്കാർ

നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദഗ്ധൻ"

മന്ത്രി താഴെപ്പറയുന്ന ഭേദഗതി വാക്കാൽ ഭേദഗതിയോടെ അവതരിപ്പിച്ചു.

134. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന 3 എ വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കുക:

"3 ബി സമിതികളെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ.-3-ാം വകുപ്പ് പ്രകാരവും 3 എ വകുപ്പുപ്രകാരവും രൂപീകരിക്കപ്പെടുന്ന സമിതികളുടെ ചെയർപേഴ്സൺ ഒരേ ജഡ്ജി തന്നെയായിരിക്കേണ്ടതും സമിതികളിലേയ്ക്ക് ഇന്ത്യൻ മെഡിക്കൽ കൗൺസിലിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെടേണ്ട പ്രതിനിധിയും ഒരേ ആൾ തന്നെ ആയിരിക്കേണ്ടതുമാണ്:

എന്നാൽ അപ്രകാരം നിയമിക്കപ്പെടുന്ന ചെയർപേഴ്സണ് ഒരു പദവിക്ക് അർഹമായ ഓണറേറിയത്തിന് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ."

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

151. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന

വകുപ്പ് 3-ന്റെ ഇനം (ബി)-ൽ “ ആരോഗ്യ കുടുംബക്ഷേമ” എന്നീ വാക്കുകൾക്ക് പകരം “ ആരോഗ്യവും കുടുംബക്ഷേമവും” എന്നീ വാക്കുകൾ ചേർക്കുക.

207. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എയുടെ ഇനം (ബി)-ൽ "ആരോഗ്യ കുടുംബക്ഷേമ" എന്നീ വാക്കുകൾക്ക് പകരം "ആരോഗ്യവും കുടുംബക്ഷേമവും" എന്ന വാക്കുകൾ ചേർക്കുക.

213. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എയുടെ ഇനം (സി)-ൽ "ഇൻഡ്യയുടെ" എന്ന വാക്കിനുപകരം "ഇന്ത്യയുടെ" എന്ന വാക്ക് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും ഭേദഗതി ചെയ്ത വാക്കാൽ ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>4-ാം വകുപ്പ്</u>

241, 242, 243, 244, 245, 247, 248, 250, 251 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഭാഗീകമായി സ്വീകരിച്ചു.

244. പ്രധാന ആക്റ്റിലെ വകുപ്പ് 4(6)-ൽ " അതിന്റെ" എന്ന വാക്കിനു പകരം " അവയുടെ" എന്ന വാക്ക് ചേർക്കുക .

247. പ്രധാന ആക്ടിലെ വകുപ്പ് 4(7)-ൽ " അതിന്റേതായ" എന്ന വാക്കിനു പകരം " അവയുടേതായ" എന്ന വാക്ക് ചേർക്കുക.

മന്ത്രി ഭാഗീകമായി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>5-ാം വകുപ്പ്</u>

253, 254, 255, 257, 258 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>6-ാം വകുപ്പ്</u>

259, 260 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>7-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

261. പ്രധാന ആക്ടിലെ വകുപ്പ് 7(2)-നുശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:

"എന്നാൽ സമിതികൾക്ക് പൊതുവായി ഒരു ഓഫീസും ഉദ്യോഗസ്ഥരും ജീവനക്കാരും മാത്രം പ്രവർത്തിക്കേണ്ടതാണ്."

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന

പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>8-ാം വകുപ്പ്</u>

262, 263, 264, 265, 266, 269, 271, 272, 273, 274,275, 276, 278, 279, 280, 281, 282, 283, 285, 286, 287, 288, 289, 291, 292, 293, 294, 296, 297, 298, 299, 305, 307, 308, 311, 312, 317, 319, 320, 321, 322, 323, 325, 329, 331, 334, 335, 336, 337,340, 342, 343, 346, 350, 351, 352, 353, 357, 358 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

313. ഖണ്ഡം 8 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(സി)-യുടെ ഇനം(ii)-ൽ "സീറ്റുകളും സംബന്ധിച്ച്" എന്നതിന് പകരം "സീറ്റുകളിലേക്കും" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

286. ഖണ്ഡം 8 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(എ)-ൽ "അന്വേഷണം നടത്തുന്ന" എന്ന വാക്കുകൾക്കുപകരം "പ്രസ്തുത"

എന്ന വാക്ക് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>9-ാം വകുപ്പ്</u>

360, 361, 366, 368, 369, 370, 371, 372, 374, 375, 376, 378, 379 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

10-ാം വകുപ്പ്

382, 383, 384 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

11-ാം വകുപ്പ്

(ഭേദഗതിയില്ല)

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

12-ാം വകുപ്പ്

(ഭേദഗതിയില്ല)

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

13-ാം വകുപ്പ്

385-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 14 -ാം വകുപ്പ്

(ഭേദഗതിയില്ല)

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 15-ാം വകുപ്പ്

(ഭേദഗതിയില്ല)

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 1-ാം വകുപ്പും പീഠികയും പേരും

101, 103, 105, 106, 107, 109, 111, 112, 114 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

103. പീഠികയിൽ "ഭേദഗതി" എന്ന വാക്കിനു മുമ്പായി " ഇതിനുശേഷം കാണുന്ന ആവശ്യത്തിനായി" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബില്ലിനെ സ്വാഗതം ചെയ്യുന്നു. മെഡിക്കൽ വിദ്യാഭ്യാസത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിനുള്ള നടപടി

സ്വീകരിക്കണം.

2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

സഭ വൈകുന്നേരം 6.10-ന് പിരിഞ്ഞു.